73730/2020/D SJD

18460
19/10/19

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ് - ബുദ്ധിവൈകല്യമുള്ളവരെ NGO മുഖേന പുനരധിവസിപ്പിക്കുന്നതിന് ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി 'പ്രതീക്ഷ സ്കീം '-ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(സാധാ) നം.642/2019/സാ.നീ.വ    തീയതി, തിരുവനന്തപുരം 9.10.2019

പരാമർശം:- 1. സാമൂഹ്യനീതി ഡയറക്ടറുടെ 19.8.2019 ലെ D2-5218/19 നമ്പർ കത്ത്
2. 31.8.2019 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്

<u>ഉത്തരവ്</u>

സാമൂഹ്യനീതി വകുപ്പിനു കീഴിൽ ബുദ്ധിവൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിന് നിലവിൽ രണ്ട് സ്ഥാപനങ്ങളാണ് ഉള്ളത്. പുരുഷന്മാർക്കായി മലപ്പുറത്ത് പ്രവർത്തിക്കുന്ന പ്രതീക്ഷാഭവൻ, സ്ത്രീകൾക്കായി തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന പ്രത്യാശാഭവൻ. ടി സ്ഥാപനങ്ങളിൽ നിലവിലുള്ള sanctioned strength 50 വീതം ആണെങ്കിലും അതിലും ഇരട്ടിയിലധികം പേർ താമസക്കാരായുണ്ട്. പുതിയ താമസക്കാരെ പ്രവേശിപ്പിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന മുതിർന്നവരെ പുനരധിവസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ഈ മേഖലയിൽ പ്രവർത്തിക്കുന്നതും പരിചയ സമ്പന്നരുമായ NGO കൾക്ക് ഗ്രാന്റ് അനുവദിക്കുന്ന ഒരു പദ്ധതി (പ്രതീക്ഷ സ്കീം ) വകുപ്പ് രൂപപ്പെടുത്തിയിട്ടുണ്ട്.

2. പ്രസ്തുത പദ്ധതി പ്രകാരം ഒരാൾക്ക് ഒരു വർഷത്തേക്ക് താഴെ പറയും പ്രകാരം തുക വകയിരുത്തിയിരിക്കുന്നു :-

| | |
|---|---|
| ഭക്ഷണം(Rs.2500x12) | 30,000/- |
| മരുന്ന്(Rs.600x12) | 7,200/- |
| വസ്ത്രം | 1,500/- |
| വ്യക്തി ശുചിത്വം | 1000/- |
| ആകെ | 39,700/- |

പദ്ധതിയുടെ ആദ്യപടിയായി എല്ലാ ജില്ലകളിലുമായി 25 പേരെ പുനരധിവസിപ്പിക്കുന്നതിന് 'മാനസിക വെല്ലുവിളി നേരിടുന്ന മുതിർന്നവർക്കുള്ള പിന്തുണയും, പുനരധിവാസത്തിനുള്ള മാതൃകാ പരിപാടി' കൾക്കായി നടപ്പു സാമ്പത്തിക വർഷം 2235-02-101-73(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 5 കോടി രൂപയിൽ നിന്നും " ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കാനുള്ള സർക്കാർ- NGO കൂട്ടുകെട്ട് " എന്ന വിഷയത്തിൽ ഉൾപ്പെടുത്തി 9,92,500/- രൂപയുടെ(39,700*25) ഭരണാനുമതി നൽകണമെന്ന് പരാമർശം 1 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3. 31.8.2019 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് (25 പേരെ പുനരധിവസിപ്പിക്കുന്നതിന്) അംഗീകാരം നൽകി.

4 സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാനസിക വെല്ലുവിളി നേരിടുന്ന മുതിർന്നവരെ പുനരധിവസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ഈ മേഖലയിൽ പ്രവർത്തിക്കുന്നതും പരിചയ സമ്പന്നരുമായ NGO കൾക്ക് ഗ്രാന്റ് അനുവദിക്കുന്ന പദ്ധതിയ്ക്ക് (പ്രതീക്ഷ സ്കീം) ആദ്യപടിയായി എല്ലാ ജില്ലകളിലുമായി 25 പേരെ പുനരധിവസിപ്പിക്കുന്നതിന്

73730/2020/D SJD



'മാനസിക വെല്ലുവിളി നേരിടുന്ന മുതിർന്നവർക്കുള്ള പിന്തുണയും, പുനരധിവാസത്തിനുള്ള മാതൃകാ പരിപാടി' കൾക്കായി നടപ്പ സാമ്പത്തിക വർഷം 2235-02-101-73(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 5 കോടി രൂപയിൽ നിന്നും " ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കാനുള്ള സർക്കാർ- NGO കൂട്ടുകെട്ട്" എന്ന വിഷയത്തിൽ ഉൾപ്പെടുത്തി 9,92,500/-(ഒൻപതു ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ( എ & ഇ /ജി & എസ്സ് .എസ്സ് .എ ),കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സാമൂഹ്യനീതി(എ) വകുപ്പ്(item no 4)
ആസൂത്രണസാമ്പത്തികകാര്യവകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Jasmin Thomas

സെക്ഷൻ ഓഫീസർ